GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/10/2026

1. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജ് നടപ്പാക്കുന്ന കസ്റ്റോഡിയൻ കർഷക ശാക്തീകരണ പദ്ധതിയിലേക്ക് ജില്ലയിലെ കർഷകർക്ക് അപേക്ഷിക്കാം. പരമ്പരാഗത വിളകളും വിത്തുകളും, നാടൻ പശു, ആട്, പന്നി, കോഴി, താറാവ്, തനത് മത്സ്യയിനങ്ങൾ എന്നിവ സംരക്ഷിക്കുന്ന കർഷകർക്ക് അപേക്ഷിക്കാം.

തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സൗജന്യ കാർഷിക കിറ്റ് നൽകും. കർഷക സംഗമം, ആദരിക്കൽ, വിത്ത് കൈമാറ്റം, പരമ്പരാഗത വിഭവങ്ങളുടെ പ്രദർശനം, വിപണന മേള എന്നിവയും സംഘടിപ്പിക്കും. കർഷകവിവരങ്ങളും കൃഷിയിടത്തിൽനിന്നുള്ള രണ്ട് ചിത്രങ്ങളും 7293323325 , 8921826100 എന്നീ നമ്പറുകളിലേക്ക് വാട്സാപ്പ് ചെയ്ത് രജിസ്റ്റർ ചെയ്യാം. തിരുവനന്തപുരം ജില്ലയിലെ കർഷകർക്ക് മാത്രമാണ് അവസരം.

2. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരവികസന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 30, 31 തീയതികളിൽ സുരക്ഷിതമായ പാൽ ഉൽപ്പാദനം എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഒക്ടോബർ 28 ന് വൈകുന്നേരം 5 മണിക്ക് മുൻപായി പരീശീലന കേന്ദ്രത്തിൽ നേരിട്ടോ ഫോൺ മുഖേനയോ രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ എത്തുന്നവർ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0471– 2440911, 9061409824 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. വെള്ളായണി കാർഷിക കോളേജിലെ പച്ചക്കറി ശാസ്ത്ര വിഭാഗം ശീതകാല പച്ചക്കറി കൃഷിയിൽ പരിശീലനം സംഘടിപ്പിക്കുന്നു. ഒക്ടോബർ 15ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെയാണ് പരിശീലനം. ഫീസ് ജി.എസ്.ടി. ഉൾപ്പെടെ 590 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് പ്രവേശനം ലഭിക്കും. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും 7591985843 എന്ന നമ്പറിൽ ബന്ധപ്പെടുക.

4. കാർഷിക മേഖലയിൽ തല്പരരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളെയും യുവാക്കളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനു വേണ്ടിയും സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ ഭാഗമായി, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ നടത്തുന്ന ബി.എസ്.സി (ഓണേഴ്സ്) അഗ്രികൾച്ചർ കോഴ്സിന് കാർഷിക മേഖലയിൽ പ്രാവീണ്യം തെളിയിച്ച് സംസ്ഥാന തലത്തിൽ അവാർഡുകൾ കരസ്ഥമാക്കിയ കാർഷിക പ്രതിഭയായ വിദ്യാർത്ഥിയ്ക്ക്, ഒഴിവുള്ള ഒരു സീറ്റിലേക്ക് 2026-27 അധ്യയന വർഷത്തേക്ക് പ്രവേശനം നല്കുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തിയതി ഈ മാസം 17 ന്. കൂടുതൽ വിവരങ്ങൾക്ക് 0487 2438139 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. റബർ ഉൽപ്പന്ന നിർമാണമേഖലയിൽ നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് സംരഭകരെ സഹായിക്കുന്നതിനും നൂതന റബറുൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുമായി ഇന്ത്യൻ റബർഗവേഷണകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ (ആർ.പി.ഐ.സി) നൽകുന്ന സേവനങ്ങളെക്കുറിച്ചറിയുവാനും സംശയങ്ങൾ ദൂരീകരിക്കാനും റബ്ബർബോഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ത്യൻ ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ കെ.എൻ. മധുസൂദനൻ മറുപടിനൽകും. ഒക്ടോബർ 14 ബുധനാഴ്ച ഇന്ന് രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെ റബ്ബർബോഡ് കോൾസെന്ററുമായി ബന്ധപ്പെടാം.

6. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **കാട വളർത്തൽ** എന്ന വിഷയത്തിൽ **ഒക്ടോബർ 24 ന്** മൃഗസംരക്ഷണ പരിശീലന കേന്ദ്രം കണ്ണൂരിൽ വച്ച് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0497 2763473 എന്ന നമ്പറിൽ ബന്ധപ്പെടുക.